പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1829 — 14 -07 -2011 - ൽ മറുപടിയ്ക്ക്

## മുഖ്യമന്ത്രി, ആരോഗ്യമന്ത്രി, റവന്യൂമന്ത്രി എന്നിവരുടെ സന്ദർശനങ്ങളെത്തുടർന്ന് സ്വീകരിച്ച നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ: | ശ്രീ.അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) മുഖ്യമന്ത്രി, ആരോഗ്യമന്ത്രി, റവന്യൂമന്ത്രി എന്നിവർ ആലപ്പുഴയിൽ നടത്തിയ കോൺഫറൻസുകളുടേയും വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രി, ജനറൽ ആശുപത്രി, കടപ്പുറത്തെ കുട്ടികളുടേയും സ്ത്രീകളുടേയും ആശുപത്രി എന്നിവ സന്ദർശിച്ചതിന്റേയും വെളിച്ചത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിവരിക്കുമോ ; | (എ) കരാർ അടിസ്ഥാനത്തിൽ ഉയർന്ന നിരക്കിൽ ഡോക്ടർമാരെ നിയമിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നേഴ്സിന്റെ ഒഴിവിലേക്ക് കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിൽ രണ്ട് വെൻറിലേറ്ററുകൾ ഐസൊലേഷൻ വാർഡിൽ സ്ഥാപിച്ചു. കൂടാതെ കാത്ത് ലാബിന്റെ പ്രവർത്തനം പൂർണ്ണരീതിയിൽ ആരംഭിച്ചു. ഒരാഴ്ചയ്ക്കുള്ളിൽ 19 കാർഡിയോഗ്രാമും 4 ആൻജിയോപ്ലാസ്റ്റിയും ചെയ്തു.<br>ആലപ്പുഴ വനിതാ ശിശു ആശുപത്രിയിൽ ആവശ്യമായ ജനറേറ്റർ സ്ഥാപിക്കൽ, പവർലോൺട്രി സ്ഥാപിക്കൽ, ഓപ്പറേഷൻ തിയേറ്റർ മുതൽ പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ് വരെ റോഡ് നിർമ്മിക്കൽ തുടങ്ങിയവ സംബന്ധിച്ച പ്രാരംഭ നടപടികൾ ആയിട്ടുണ്ട്.<br>ആലപ്പുഴ ജനറൽ ആശുപത്രി കെട്ടിടങ്ങളുടെ നവീകരണപ്രവർത്തനങ്ങൾക്കായി 2.50 കോടി രൂപയുടെ എസ്റ്റിമേറ്റും മാലിന്യസംസ്ക്കരണത്തിനായി 1.50 കോടി രൂപയുടെ എസ്റ്റിമേറ്റും ജലക്ഷാമം പരിഹരിക്കുന്നതിനായി 5,85,500/- രൂപയുടെ എസ്റ്റിമേറ്റും തയ്യാറാക്കിക്കഴിഞ്ഞു. തുടർനടപടികൾ പ്രാരംഭഘട്ടത്തിലാണ്. കൂടാതെ താൽക്കാലികമായി ജലക്ഷാമം പരിഹരിക്കുന്നതിനായി രണ്ട് ഫിൽട്ടർ ട്യൂബ് കിണർ സ്ഥാപിക്കാൻ ഭൂജലവകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു. പനിവാർഡുകൾ തുറന്നു. ആവശ്യമായ മരുന്നുകൾ സ്റ്റോക്ക് ചെയ്തുകഴിഞ്ഞു. |

| | | | |
|---|---|---|---|
| (ബി) | ഡോക്ടർമാർ, നഴ്സുമാർ, മറ്റ് ജീവനക്കാർ എന്നീ വിഭാഗങ്ങളിൽ ആരെയെങ്കിലും പുതുതായി നിയമിച്ചിട്ടുണ്ടോ ; | (ബി) | നിയമന നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആർ.എസ്.ബി.വൈ ഫണ്ട് ഉപയോഗിച്ച് 39 നേഴ്സുമാരെ പുതുതായി നിയമിച്ചു.<br>ആലപ്പുഴ വനിതാ ശിശു ആശുപത്രിയിൽ ഒരു ഡോക്ടർ (പി.എസ്.സി.ഹാൻഡ്) ജോലിയിൽ പ്രവേശിച്ചു. കൂടാതെ രണ്ട് നേഴ്സിംഗ് അസിസ്റ്റൻറുമാർ സ്ഥലം മാറി വന്നിട്ടുണ്ട്.<br>ആലപ്പുഴ ജനറൽ ആശുപത്രിയിൽ 06.06.2011 ന് ശേഷം സർജറി വിഭാഗത്തിൽ ഒരു ജൂനിയർ കൺസൾട്ടൻറ്, ഒരു അസിസ്റ്റൻറ് സർജൻ എന്നിവർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. |
| (സി) | എടുത്ത തീരുമാനങ്ങൾ ഉടനടി നടപ്പിലാക്കുവാൻ പ്രത്യേക നിർദ്ദേശം നൽകുമോ ? | സി) | തീരുമാനങ്ങൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ.